

## ചർച്ച

# കേരളത്തിന്റെ ആരോഗ്യം

1. കേരളത്തിന്റെ പൊതുജനാരോഗ്യരംഗം ഇന്ന് ഒരു പ്രതിസന്ധിയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ് എന്ന വാദം ശരിയാണോ? ആണെങ്കിൽ അതിനുള്ള കാരണങ്ങളും പ്രതിവിധികളും എന്ത്?

2. ചികിത്സാ ചെലവുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭീമമായ വർദ്ധനവും, അന്താരാഷ്ട്ര മരുന്നു വിപണികളുടെ കടന്നുവരവും, ബൗദ്ധിക സ്വത്താവകാശ നിയമങ്ങൾ ആരോഗ്യമേഖലയിൽ ഉണ്ടാക്കാൻ പോകുന്ന പ്രശ്നങ്ങളും, പൊതുജനാരോഗ്യമേഖലയിൽ നിന്ന് സർക്കാരിന്റെ പിൻവാങ്ങലും കേരളത്തിലെ ആരോഗ്യരംഗത്ത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്?

3. ഭൂമിയിൽ നിന്നുള്ള അന്യവൽക്കരണം, ജീവിതശൈലിയിൽ വന്ന മാറ്റം, വീട്ടുചികിത്സ, നാട്ടുചികിത്സ തുടങ്ങിയ പാരമ്പര്യ ചികിത്സാപദ്ധതികൾ അന്യം വന്നത്, ആഡംബര ഭ്രമം എന്നിവ കേരളത്തിലെ ആരോഗ്യരംഗത്തിന്റെ തകർച്ചക്ക് എത്രമാത്രം കാരണമായിട്ടുണ്ട്?

4. കേരളത്തിലെ ദിനംപ്രതി തകർന്നുകൊണ്ടിരിക്കുന്ന മാനസികാരോഗ്യം സാമൂഹ്യമായ ചികിത്സ അർഹിക്കുന്ന ഒരു പ്രശ്നമല്ലേ? ഈ രംഗത്തെ വിദഗ്ധർ ഇതിനെ എത്രമാത്രം ഗൗരവത്തോടെ കാണുന്നുണ്ട്?

5. അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ പ്രാഥമികപരിഗണനകൾക്കപ്പുറത്ത് നിൽക്കുന്ന സമാന്തര ചികിത്സാ സമ്പ്രദായങ്ങളെ എങ്ങിനെ നോക്കിക്കാണുന്നു?

6. ആരോഗ്യമേഖലയിൽ ജനകീയാരോഗ്യപ്രവർത്തകരുടെ പങ്ക് എന്താവണം?

7. രോഗത്തിന് ചികിത്സ എന്ന പരിഹാരത്തിനപ്പുറം രോഗമില്ലാത്ത അവസ്ഥ സൃഷ്ടിക്കുന്ന സാമൂഹ്യ-പാരിസ്ഥിതിക ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിനെക്കുറിച്ചുള്ള അന്വേഷണത്തിലേക്ക് നമ്മുടെ ചർച്ചകൾ വികസിക്കാതിരിക്കാനുള്ള കാരണമെന്ത്?

8. കേരളത്തിൽ സമഗ്രമായ ആരോഗ്യനയം ആവശ്യമല്ലേ? എന്തുകൊണ്ടാണ് ഇതുവരെ ഒരു ആരോഗ്യനയം രൂപപ്പെട്ടു വന്നില്ല.

9. 'ചികിത്സ' എന്നത് ഒരു 'ഉൽപന്ന'മാണോ? ഒരു 'ചരക്ക്' ആണോ? ചികിത്സകന്റെ ധാർമ്മികത എന്തായിരിക്കണം? ഡോക്ടർ രോഗി ബന്ധം എങ്ങനെയായിരിക്കണം?

10. ആധുനിക ചികിത്സയിലെ സ്പെഷലൈസേഷനെ എങ്ങനെ കാണുന്നു?

### ചർച്ചയിൽ പങ്കെടുക്കുന്നവർ

വൈദ്യഭൂഷണം. കെ. രാഘവൻ തിരുമുൽപ്പാട്
ഡോ. സി. ആർ. സോമൻ
കെ. രാമചന്ദ്രൻ
സി. പി. ഗംഗാധരൻ
ഡോ. വടക്കേടത്ത് പത്മനാഭൻ